## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5021 — 06.02.2014 ന് മറുപടിയ്ക്ക്

### ഐ.ടി.ഐ.കളിലെ ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിലെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ) വ്യാവസായിക പരിശീലന കേന്ദ്രത്തിൽ (ഐ.ടി.ഐ.) 1997 ന ശേഷം എത്ര തസ്തികകളിൽ നിയമനം നടത്തിയെന്നും ഇപ്പോൾ എത്ര തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്നും അറിയിക്കുമോ ; | (എ) 1997 ന ശേഷം വ്യാവസായിക പരിശീലന വകുപ്പിൽ 11 ടെക്നിക്കൽ തസ്തികകളിലും 4 മിനിസ്റ്റീരിയൽ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. വകുപ്പിൽ ഇപ്പോൾ ടെക്നിക്കൽ വിഭാഗത്തിൽ 329 ഉം മിനിസ്റ്റീരിയൽ വിഭാഗത്തിൽ 16 ഉം ഡ്രൈവർ വിഭാഗത്തിൽ 2 ഉം ഓഫീസ് അറ്റൻഡന്റ്/വാച്ചർ വിഭാഗത്തിൽ 2 ഉം ഒഴിവുണ്ട്. |
| (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഈ തസ്തികകളിൽ ഏതെല്ലാം റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; | (ബി) ഉണ്ട്. ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ), ജൂനിയർ ഇൻസ്ട്രക്ടർ (ഇലക്ട്രീഷ്യൻ), ജൂനിയർ ഇൻസ്ട്രക്ടർ (ഇലക്ട്രോണിക് മെക്കാനിക്), ജൂനിയർ ഇൻസ്ട്രക്ടർ (വയർമാൻ), ജൂനിയർ ഇൻസ്ട്രക്ടർ (ടൂൾ ആന്റ് ഡൈ മേക്കിംഗ്), ജൂനിയർ ഇൻസ്ട്രക്ടർ (ടർണർ), ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക് റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്), ജൂനിയർ ഇൻസ്ട്രക്ടർ (ഇൻസ്ട്രുമെന്റ് മെക്കാനിക്ക്), ജൂനിയർ ഇൻസ്ട്രക്ടർ (പെയിന്റർ ജനറൽ) എന്നീ ട്രേഡുകളിലേയ്ക്കുള്ള ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. |
| (സി) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിൽ (കാറ്റഗറി നം.233/2010) എന്നാണ് പരീക്ഷ നടത്തിയത്? പരീക്ഷ നടത്തുന്നതിന് കാലതാമസം നേരിടാനുണ്ടായ കാരണമെന്താണ്? | (സി) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയ്ക്ക് 13.9.2012 ൽ ഒ എം ആർ പരീക്ഷ നടത്തിയിരുന്നു. ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയുടെ (കാറ്റഗറി നമ്പർ 233/10) ചോദ്യ പേപ്പർ ചോദ്യ കർത്താവിൽ നിന്നും ലഭിക്കുവാൻ കാലതാമസം ഉണ്ടായി. ഇക്കാരണത്താലാണ് പരീക്ഷ നടത്താൻ വൈകിയത്. |
| (ഡി) പ്രസ്തുത പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അന്തിമ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) ടി തസ്തികയുടെ ചുരുക്കപ്പട്ടിക 17.6.2013-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്റർവ്യൂ തീയതി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റർവ്യൂ പൂർത്തിയായതിനുശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. |

(ഇ) ഈ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്താൻ നടപടി സ്വീകരിക്കുമോ?

(ഇ) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) ട്രേഡിലെ 29 ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ